Questions posted for answer on 5th March 1951

EXTENSION OF ELECTRICITY

90. [3] Sri. E. P. Poulose: Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) how many electricity extension works were in the list to be completed during 1950-51;

(*b*) how many of these have been taken up and completed during last year?

Chief Minister **(Sri. C. Kesavan):**

(*a*) 57.

(*b*) No. of works taken up 52
No. completed in 1950-25
No. to be completed before 31st March 1951 27

5 items have not been taken up as the interested parties did not guarantee the minimum return to the Department.

ബോട്ട് ജട്ടികൾ

൯൧ (൪) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊച്ചി-കണയന്നൂർ താലൂക്കിൽ വയ്പിൻ കരയിൽ പലഭാഗങ്ങളിലും ബോട്ട് പാലങ്ങൾ ഇല്ലാത്തതു നിമിത്തം എറണാകുളം കോട്ടപ്പുറം ലൈനിൽ ഓടുന്ന ബോട്ടുകളിൽനിന്നും വയ്പിൻ കരയിൽ ഇറങ്ങുന്ന യാത്രക്കാർ വളരെ വിഷമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്യാവശ്യം വേണ്ട പാലങ്ങൾ പണിയുന്നതിനെ സംബന്ധിച്ച് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ചില ജട്ടികൾ പണിയുന്നതിനും ചില ജട്ടികൾ പണിയേണ്ട സൗകര്യങ്ങളെപ്പറ്റിയും ഗവൺമെന്റ് ആലോചിച്ചുവരുന്നു.

Questions posted for answer on 7th March 1951

റയൺസ് കമ്പനി

൯൨ (൫) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിലും വിദ്യാഭ്യാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരുമ്പാവൂരിനടുത്തുള്ള റയൺസ് കമ്പനിയിൽ ആറു രൂപയിൽ കൂടുതൽ ശമ്പളമുള്ള എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട്,

(ബി) അതിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ളവർ എത്ര;

(സി) ഈ സംസ്ഥാനത്തിനു പുറത്തുള്ളവർ എത്ര ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪൬

(ബി) ൧൬.

(സി) ൩൦.

സസ്പെൻഷൻ

൯൩ (൬) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) കുന്നത്തുനാട്ട് താലൂക്ക് കിഴക്കമ്പലം പകുതി സപ്ലസ്തൂ ഇംഗ്ലീഷ് മീഡിൽ സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. എൻ. എ. വക്കി എന്ന വ്യാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ;

(ബി) അതിനു കാരണമെന്തു;

(സി) അദ്ദേഹത്തിന്റെ പേരിലുള്ള പരാതിയെപ്പറ്റി അന്വേഷിച്ചുതാരാണു;

(ഡി) ആ അദ്ധ്യാപകനു പകരം അവിടെ ആരെ നിയമിച്ചു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) സപ്ലൈവെട്ടിപ്പു്.

(സി) അതിനു മുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ.

(ഡി) ശ്രീ. പി. ശങ്കുണ്ണിപ്പിള്ള.

ഊട്ടുകുർ സെറ്റിൽമെന്റ്

൯൪ (ക്വ) ശ്രീ. ശങ്കരൻനാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഊട്ടുകുർ സെറ്റിൽമെന്റ് സംബന്ധിച്ച് നെയ്യാറ്റിൻകര താലൂക്കിൽ ഓരോ പകുതിയിലും എത്ര കേസുവീതം എടുത്തു എന്നും, അതിൽ എത്രയിൽ വീതം കക്ഷികൾ പത്രിക ഹാജരാക്കി എന്നും പറയുവാൻ ദയവുണ്ടാകുമോ;

(ബി) പത്രിക ഹാജരാക്കിയ കേസുകളിൽ എത്രയെണ്ണം തർക്കമുള്ളതെന്നും തർക്കമുള്ളതിൽ എത്ര കേസു തീർത്തു എന്നും, പറയുവാൻ ദയവുണ്ടാകുമോ;

(സി) തർക്കപ്പെട്ട കേസുകളിൽ ഏതെങ്കിലും സെറ്റിൽമെന്റ് ആഫീസർ സ്ഥലം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു ഏതു സ്ഥലമെന്നും ഇല്ലെങ്കിൽ അതിനു കാരണമെന്തെന്നും പറയുവാൻ ദയവുണ്ടാകുമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ), (ബി) വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു് വെച്ചിട്ടുണ്ടു്.

(സി) ഉണ്ടു്. പള്ളിച്ചൽ പകുതിയിൽ സർവ്വേ ൨൨൭/൧, ൨൩൭/൧ബി, ൨൩൭/൨ എന്നീ നമ്പരുകൾ പരിശോധിച്ചിട്ടുണ്ടു്. മറ്റു സ്ഥലങ്ങൾ പരിശോധിക്കാൻ ആവശ്യമോ അപേക്ഷയോ ഉണ്ടായിട്ടില്ല.

***Vide Answer to Parts (a) and (b) of interpellation No. [12]**

(എ) പകുതി	എടുത്ത കേസ്സുകൾ	പത്രിക ഹാജരാക്കിയ കേസ്സുകൾ
കുളത്തൂർ	1098	216
ചെങ്കൽ	1200	420
കൊല്ലയിൽ	226	186
പാറശാല	1081	475
കുന്നത്തുകാൽ	1028	131
നെയ്യാറ്റിൻകര	1054	571
ഒറ്റശേഖരമംഗലം	102	71
പെരുങ്കടവിള	986	321
അതിയന്നൂർ	753	412

LIBRARY ARCHIVES Kerala Legislative Assembly